നം. പ്ര.പ.ക /4600/2019/കീം–2020/റ്റി.എ4

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

# കീം പ്രവേശന പരീക്ഷ 2020

## ഒരുക്കങ്ങൾ പൂർത്തിയായി

2020–21 വർഷത്തെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സ് പ്രവേശനത്തിനായുള്ള പ്രവേശന പരീക്ഷ (കീം–2020) ജൂലൈ 16– ാം തീയതി രാവിലെയും ഉച്ചയ്ക്കുമായി കേരളത്തിലെ വിവിധ ജില്ലകളിലും, ബോംബെ, ഡൽഹി, ദുബായ് എന്നീ കേന്ദ്രങ്ങളിലും വച്ച് നടക്കുകയാണ്. ഇതിനായി എല്ലാ പരീക്ഷാകേന്ദ്രങ്ങളും പൂർണമായി ഒരുങ്ങി കഴിഞ്ഞു. വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റ് വഴി ലഭ്യമാകുന്ന അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുത്ത് ഫോട്ടോ പതിച്ച ഐ.ഡി പ്രൂഫുമായി പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ പൂർണമായും പാലിക്കേണ്ടതാണ്. മാസ്ക് നിർബന്ധമായും ധരിച്ചിരിക്കണം. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികൾ/ ക്വാറന്റയിനിൽ നിന്നുമുള്ള വിദ്യാർത്ഥികൾ, രോഗലക്ഷണമുള്ള വിദ്യാർത്ഥികൾ അവർക്ക് അനുവദിച്ചിരിക്കുന്ന മുറിയിൽ കർശന നിയന്ത്രണങ്ങൾക്ക് വിധേയമായി പരീക്ഷ അഭിമുഖീകരിക്കേണ്ടതാണ്. കോവിഡ്–19 ന്റെ മാർഗനിർദ്ദേശങ്ങളും പൊതു നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്. വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിൽ ലഭ്യമായ പരീക്ഷാ സംബന്ധമായ വിജ്ഞാപനങ്ങൾ സശ്രദ്ധം വായിക്കേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

**പ്രവേശന പരീക്ഷാ കമ്മീഷണർ**

**തിരുവനന്തപുരം**
**14.07.2020**